**No. CEE/5354/2018/PGM/2019/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരളത്തിലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019 ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു

1. 2019–20 അധ്യയന വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ 2019 –ലെ പ്രവേശനത്തിനായി നടത്തിയിട്ടുള്ള **NEET-PG-2019** പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പരീക്ഷാർത്ഥികളിൽ നിന്നും കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും ലഭ്യമായ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ. ക്വാട്ട ഉൾപ്പെടെ ലഭ്യമായ എല്ലാ സീറ്റുകളിലേക്കും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**കുറിപ്പ്**:– സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് ബഹു. ഇന്ത്യൻ സുപ്രീംകോടതി / കേരള ഹൈക്കോടതി ഉത്തരവുകൾ അഥവാ കേരള സർക്കാർ /ഇന്ത്യാ ഗവൺമെന്റ് ഉത്തരവുകൾ അനുസരിച്ച് അല്ലെങ്കിൽ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (CAP) സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് നിർവ്വഹിക്കുന്നതാണ്.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ**:

i. **വിദ്യാഭ്യാസ യോഗ്യത**: അപേക്ഷകർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ, സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്ത എം.സി.ഐ. അംഗീകൃത എം.ബി.ബി.എസ്. ബിരുദം ഉള്ളവർ ആയിരിക്കണം. കൂടാതെ, അപേക്ഷകൻ **2019 മാർച്ച് 31** –നോ, അതിനു മുൻപോ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയിരിക്കണം.

ii. **നേറ്റിവിറ്റി**: അപേക്ഷകന് താഴെപ്പറയുന്ന ഏതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

a). അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India (OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇന്ത്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. ഇവർ പ്രോസ്പെക്ടസ് ക്ലോസ് 12.1 (b) പ്രകാരം 1 വർഷം സീനിയർ റെസിഡന്റായി പ്രവർത്തിക്കാമെന്ന ബോണ്ട് ഹാജരാക്കിയാൽ മതിയാകും. എന്നാൽ PIO/OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

b). കേരളത്തിലെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽനിന്നും എം.ബി.ബി.എസ്. ബിരുദമെടുത്ത കേരളീയർ അല്ലാത്ത അപേക്ഷകരെയും പരിഗണിക്കും. എന്നാൽ ഇവർ സാമുദായിക/പ്രത്യേക/ശാരീരിക അവശത വിഭാഗം സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

iii. **വയസ്**: പി.ജി. മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഇല്ല. വിരമിക്കൽ പ്രായം 60 വയസ്സ് ബാധകമായ സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് പി.ജി.മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി 01.01.2019–ന് 55 വയസാണ്.

iv. **യോഗ്യതാ മാനദണ്ഡം:** 2019–20 വർഷത്തെ കേരള പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷകരും (സർവ്വീസ് ക്വാട്ട യിൽ പി.ജി. ഡിപ്ലോമ കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഉൾപ്പെടെ) നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ 2019–20 വർഷത്തെ ബിരുദാനന്തര/ ബിരുദ പ്രവേശനത്തിനുള്ള നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് –പോസ്റ്റ് ഗ്രാജുവേറ്റ് **(NEET-PG-2019)** അഭിമുഖീകരിച്ച് കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ നേടിയിരിക്കണം. എന്നാൽ SC, ST, SEBC വിഭാഗക്കാരും ശാരീരിക അവശതയുള്ള എസ്.സി. (SC-PD), ST-PD, SEBC-PD വിഭാഗക്കാരും കുറഞ്ഞത് 40 പെർസന്റയിൽ നേടിയാൽ മതിയാകും. ജനറൽ–PD വിഭാഗക്കാർ കുറഞ്ഞത് 45 പെർസന്റയിൽ നേടിയിരിക്കണം.

3. **പ്രവേശന രീതി:** ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി നടത്തിയിട്ടുള്ള നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് – പോസ്റ്റ് ഗ്രാജുവേറ്റ് 2019 അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിനുവേണ്ടി സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുന്നതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ അപേക്ഷകരെ മാത്രമേ ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

4. **ഓൺലൈൻ അപേക്ഷാസമർപ്പണവും അപേക്ഷാഫീസും:** 2019–20 വർഷത്തെ കേരള പി.ജി. മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **19.03.2019** മുതൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതും അപേക്ഷാഫീസ് ഓൺ ലൈൻ പേയ്മെന്റായോ ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതു മാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റ് ഓഫീസിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഒപ്പ്, സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ട താണ്. **അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയക്കേണ്ടതില്ല.**

നിലവിൽ സർവ്വീസിൽ തുടരുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടും അപ്‌ലോഡ് ചെയ്യുന്ന അനുബന്ധ രേഖകളും സർവ്വീസ് സംബന്ധമായ രേഖകളും ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് **25.03.2019 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി എത്തിക്കേണ്ടതാണ്.

ജനറൽ വിഭാഗം അപേക്ഷകർ അപേക്ഷാഫീസിനത്തിൽ **1000/–** രൂപയും പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാരും 20.06.2005–ലെ G.O.(MS)NO.25/05/SCSTDD പ്രകാരം എസ്.സി./ എസ്.റ്റി. ആനുകൂല്യങ്ങൾക്ക് അർഹരായവരും **500/–** രൂപയും അടയ്ക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. പ്രോസ്പെക്ടസ് മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്ന തല്ല.

5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** പി.ജി.മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **25.03.2019 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതും പ്രോസ്പെക്ടസ് ക്ലോസ് 7.2.4 പ്രകാരം ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

6. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആർ.സി.സി.യിലെയും സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേക്കും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട, എൻ.ആർ.ഐ. ക്വാട്ട എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പി.ജി. മെഡിക്കൽ സീറ്റു കളിലേക്കും നീറ്റ് പി.ജി.2019 റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽനിന്നും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

7. **എൻ.ആർ.ഐ. ക്വാട്ടാ പ്രവേശനം**: സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജു കളിലെ എൻ.ആർ.ഐ. ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യത തെളിയിക്കുന്നതിന് താഴെ പ്പറയുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ ഓൺലൈൻ അപേക്ഷാസമർപ്പണ വേളയിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

   a. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരി കളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (GO(MS) No. 243/2014/H&FWD തീയതി 06.08.2014 പ്രകാരം)
   b. തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തൊഴിൽ സംബന്ധിച്ച് എംബസി അഥവാ കോൺസുലേറ്റ് പാസ്സ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം. എംപ്ലോയ്മെന്റ് സർട്ടിഫിക്ക റ്റിനു പകരം സ്പോൺസർ ഒരു എൻ.ആർ.ഐ /ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ(OCI)/ ഗ്രീൻ കാർഡ് ഹോൾഡർ ആണെന്ന് സാക്ഷ്യപ്പെടുത്തി എംബസി അഥവാ കോൺസുലേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതാണ്.
   c. വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്.
   d. വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
   e. സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

8. ഓൺലൈൻ അപേക്ഷാസമർപ്പണം അവസാനിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷ യിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതി നുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരി ക്കുന്നതല്ല.

9. **ഡാറ്റാ ഷീറ്റ്**: പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെറിറ്റ്/ കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്കുള്ള ഡാറ്റാഷീറ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽനിന്നും നിശ്ചിത തീയതിക്കുശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

10. സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസ് ക്ലോസ് 10 –ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

11. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2019–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ട താണ്.

Seetha

തിരുവനന്തപുരം

19.03.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**